# തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

### ഹാജർ: പി. ആർ. സജികുമാർ

വിഷയം:- തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - അസിസ്റ്റന്റ് എഞ്ചിനീയർമാരെ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: -
1) ജലസേചനവും ഭരണവും വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.04.2019 - ലെ A3/15000/2017(2) നമ്പർ നിയമന ഉത്തരവ്
2) പൊതുമരാമത്ത് (ഭരണം) വകുപ്പ് ചീഫ് എഞ്ചിനീയറുടെ 26.04.2019 - ലെ 11500/ഇബി3/2013 (വാല്യം III) നമ്പർ നിയമന ഉത്തരവ്
3) തസ്വഭവ ഡിവിഷൻ തൃശ്ശൂർ / പാലക്കാട് / മലപ്പുറം / കോഴിക്കോട് / കണ്ണൂർ / കാസറഗോഡ് ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനീയർമാരുടെ കത്തുകൾ
4) ഈ കാര്യാലയത്തിലെ 29.12.2018 - ലെ ഇ3-2100/08/സിഇ/തസ്വഭവ നമ്പർ ഉത്തരവ്

### ഉത്തരവ് നം. ഇ 3 - 4400/2008/സിഇ/തസ്വഭവ, തീയതി. 09.05.2019

തദ്ദേശസ്വയംഭരണ (സാങ്കേതിക വിഭാഗം) വകുപ്പിന് കീഴിൽ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ ചേർത്തിരിക്കുന്ന 6 അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ ക്രമ നം. 1 & 2 എന്നിവർക്ക് ജലസേചന വകുപ്പിലും, ക്രമ നം. 3 മുതൽ 6 വരെയുള്ളവർക്ക് പൊതുമരാമത്ത് വകുപ്പിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ പരാമർശം (1) & (2) പ്രകാരം നിയമന ഉത്തരവ് ലഭിച്ചിട്ടുണ്ട്.

1. ശ്രീമതി. ശരണ്യ വി പി, അസിസ്റ്റന്റ് എഞ്ചിനീയർ, അന്തിക്കാട് ഗ്രാമ പഞ്ചായത്ത്, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
2. ശ്രീമതി. സോന എം, അസിസ്റ്റന്റ് എഞ്ചിനീയർ, കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്
3. ശ്രീ. വിബിൻ ബേബി, അസിസ്റ്റന്റ് എഞ്ചിനീയർ, പുതൂർ ഗ്രാമപഞ്ചായത്ത്, മണ്ണാർക്കാട് ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
4. ശ്രീ. അഭിലാഷ് എസ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചീക്കോട് ഗ്രാമപഞ്ചായത്ത്, അരീക്കോട് ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
5. ശ്രീ. എബി സ്റ്റാൻലിൻ, അസിസ്റ്റന്റ് എഞ്ചിനീയർ, പെരിങ്ങോം - വയക്കര ഗ്രാമപഞ്ചായത്ത്, പയ്യന്നൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ
6. ശ്രീ. എം. മുഹമ്മദ് മുന്നാസ്, അസിസ്റ്റന്റ് എഞ്ചിനീയർ, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്, മഞ്ചേശ്വരം ബ്ലോക്ക് പഞ്ചായത്ത്, കാസറഗോഡ്

(മറുപുറം)

മേൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ള 6 അസിസ്റ്റന്റ് എഞ്ചിനീയർമാർ ജലസേചനം / പൊതുമരാമത്ത് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിലെ നിയമനം സ്വീകരിക്കുന്നതിന്, ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം അതാത് ജില്ലകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതിനുള്ള അനുമതിയ്ക്കായി ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ടി 6 അസിസ്റ്റന്റ് എഞ്ചിനീയർമാരെയും ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ, സൂചന (4) ഉത്തരവ് എന്നിവ കർശനമായി പാലിച്ച് വിടുതൽ ചെയ്യുന്നതിന് ബന്ധപ്പെട്ട നിയന്ത്രണാധികാരിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഈ വകുപ്പിൽ ടി 6 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും സേവനം ക്രമവത്കരിക്കുകയോ, നിരീക്ഷണ കാലഘട്ടം പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്.

ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്ത വിവരം ഈ കാര്യാലയത്തെ യഥാസമയം അറിയിക്കേണ്ടതാണ്.

വ്യക്തികൾക്ക് (ഔദ്യോഗിക വെബ് സൈറ്റ് മുഖേന)

ഒപ്പ്

**ചീഫ് എഞ്ചിനീയർ**

*//അംഗീകാരത്തോടെ//*

*അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്*

പകർപ്പ്:

1. അക്കൗണ്ടന്റ് ജനറൽ, കേരള ബ്രാഞ്ച്: തൃശ്ശൂർ
2. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് (ഭരണം) വകുപ്പ്, തിരുവനന്തപുരം
3. ചീഫ് എഞ്ചിനീയർ, ജലസേചനം (ഭരണം) വകുപ്പ്, തിരുവനന്തപുരം
4. സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ ഉത്തരമേഖല, കോഴിക്കോട്
5. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാപഞ്ചായത്ത് കാര്യാലയം, തൃശ്ശൂർ / പാലക്കാട് / മലപ്പുറം / കോഴിക്കോട് / കണ്ണൂർ / കാസറഗോഡ്
6. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തസ്വഭവ സബ് ഡിവിഷൻ, വിവിധ ബ്ലോക്ക്പഞ്ചായത്തുകൾ
7. ഇ19 സെക്ഷൻ / കരുതൽ ഫയൽ / സെക്ഷൻ

എസ്.എ/